**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5659** **24-03-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികളുടെ കമ്മീഷനുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2018-ൽ ഭക്ഷ്യ ഭദ്രത നിയമം നിലവിൽ വന്നപ്പോൾ റേഷൻ വ്യാപാരികളുടെ കമ്മീഷനുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് റേഷൻ വ്യാപാരികളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ ആറ് മാസത്തിനുള്ളിൽ ഒരു കമ്മീഷനെ വെച്ച് കാര്യങ്ങൾ പഠിച്ച് പുന:ക്രമീകരിക്കാമെന്ന് ഉറപ്പ് നൽകിയിരുന്നോ; വിശദമാക്കാമോ; | (എ) | 31/05/2017-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പ് വരുത്തി 10/11/2017-ൽ സ.ഉ.(കൈ) നം.29/2017/ ഭപൊവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത കമ്മീഷൻ പാക്കേജ് പരിഷ്കരിച്ച് 30/11/2018-ൽ സ.ഉ.(കൈ)നം.46/2018/ഭപൊവിവ ഉത്തരവും പുറപ്പെടുവിച്ചു. എൻ.എഫ്.എസ്.എ നടപ്പിലാക്കിയതിന് ശേഷമുള്ള റേഷൻവ്യാപാരികളുടെ സാമ്പത്തികവും നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പഠിച്ച് റേഷനിംഗ് കൺട്രോളർ അധ്യക്ഷനായും വിജിലൻസ് ഓഫീസർ, ലോ ഓഫീസർ എന്നിവർ അംഗങ്ങളായുമുള്ള സമിതി സമർപ്പിച്ച റിപ്പോർട്ടു സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ സർക്കാർ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | 31/05/2017-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പ് വരുത്തി 10/11/2017-ൽ സ.ഉ.(കൈ) നം.29/2017/ ഭപൊവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത കമ്മീഷൻ പാക്കേജ് പരിഷ്കരിച്ച് 30/11/2018-ൽ സ.ഉ.(കൈ)നം.46/2018/ഭപൊവിവ ഉത്തരവും പുറപ്പെടുവിച്ചു. എൻ.എഫ്.എസ്.എ നടപ്പിലാക്കിയതിന് ശേഷമുള്ള റേഷൻവ്യാപാരികളുടെ സാമ്പത്തികവും നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പഠിച്ച് റേഷനിംഗ് കൺട്രോളർ അധ്യക്ഷനായും വിജിലൻസ് ഓഫീസർ, ലോ ഓഫീസർ എന്നിവർ അംഗങ്ങളായുമുള്ള സമിതി സമർപ്പിച്ച റിപ്പോർട്ടു സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ